**<u>ഭരണഭാഷ-മാതൃഭാഷ</u>**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം-695033
ഫോൺ/ഫാക്സ്: 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ്/2967/2024/ഇഎ2** **തീയതി: 19-09-2024**

# <u>സർക്കുലർ</u>

വിഷയം :- ഡിഇഎസ് - ജീവനകാര്യം - ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡി.പി.സി) (ഹയർ) - 2025 വർഷത്തെ ഡി.പി.സി (ഹയർ) യോഗം ചേരുന്നതിലേക്കായി ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :- സർക്കാരിന്റെ 19/07/2024 ലെ എ.വി.സി-III(1)/35/2023/ഉഭപവ നമ്പർ കത്ത്

എല്ലാ വകുപ്പ മേധാവികളും കെ.എസ്&എസ്.എസ്.ആർ പാർട്ട്-2, ചട്ടം 28(b)(i)(4) -ൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഡി.പി.സി നടപടിക്രമങ്ങൾ പൂർത്തിയാക്കികൊണ്ട് സെലക്റ്റ് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കേണ്ടതാണെന്നും, സ്ഥാനക്കയറ്റ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം സൂചന കത്തു പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പിലെ 2025 വർഷത്തെ ഡി.പി.സി (ഹയർ) യോഗം സമയബന്ധിതമായി ചേരുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഡിപിസി (ഹയർ) തസ്തികകളായ **ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ ആഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ** എന്നീ തസ്തികകളിൽ 2025 വർഷം നിലവിൽ താഴെ സൂചിപ്പിക്കുന്ന എണ്ണം ഒഴിവുകൾ വകുപ്പിലുണ്ടാകുമെന്ന പ്രതീക്ഷിക്കുന്നുണ്ട്.

| ക്രമ നം | തസ്തിക | പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഡയറക്ടർ | 1 |
| 2 | അഡീഷണൽ ഡയറക്ടർ | 4 |
| 3 | ജോയിന്റ് ഡയറക്ടർ | 6 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ | 7 |
| 5 | അസിസ്റ്റന്റ് ഡയറക്ടർ | 8 |
| 6 | ജില്ലാ ആഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ | 7 |

മേൽ പ്രതീക്ഷിത ഒഴിവുകളിലേക്ക് ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്ന സെലക്റ്റ് ലിസ്റ്റുകൾ തയ്യാറാക്കുന്ന ഡിപിസി (ഹയർ) യോഗം ചേരുന്നതിലേക്കായി പ്രസ്തുത തസ്തികകളിലെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്ന ഫീൽഡ് ഓഫ് ചോയ്സ് ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള എല്ലാ ഉദ്യോഗസ്ഥരും അവരവരുടെ **2021, 2022, 2023 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ** ഈ സർക്കുലർ ലഭിച്ച് 15 ദിവസത്തിനകം ഈ ആഫീസിൽ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള സത്വര

നടപടി സ്വീകരിക്കേണ്ടതാണ്.

പ്രതീക്ഷിത ഒഴിവുകളുടെ രണ്ട്/മൂന്നിരട്ടി ഉദ്യോഗസ്ഥരെ ഫീൽഡ് ഓഫ് ചോയ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്. ആയതിനാൽ എല്ലാ ഉദ്യോഗസ്ഥരും സമയബന്ധിതമായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2022 വർഷം മുതൽ ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. നിശ്ചിത സമയപരിധിക്കുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ഉദ്യോഗസ്ഥരെ യാതൊരു കാരണവശാലും സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്ന ഡി.പി.സിയുടെ ഫീൽഡ് ഓഫ് ചോയ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. ആയതിനാൽ ഉദ്യോഗസ്ഥർ സമയക്ലിപ്തത കൃത്യമായി പാലിക്കേണ്ടതാണ്.

DIRECTOR

Signed by
Sreekumar B
Date: 19-09-2024 14:07:18

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ് : -1. ഡയറക്ടർ / അഡീഷണൽ ഡയറക്ടർമാർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവരുടെ സി.എ

2. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ മേധാവികൾക്കും

3. ലൈൻ ഡിപ്പാർട്ട്മെന്റിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾക്ക് (ഇമെയിൽ വഴി)

4. എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (വിവരം ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിലേക്കായി)

5. ഡെപ്യൂട്ടി ഡയറക്ടർ - കമ്പ്യൂട്ടർ വിഭാഗം (വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

6. സൂക്ഷിപ്പ് ഫയൽ - ഇഎ2 സെക്ഷൻ.